**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. ശക്തൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണ പരിപാടിയുടെ അനുഭവ സമ്പത്തിനെ അടിസ്ഥാനമാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി ശാക്തീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 2026-27 പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമാണ്. മുൻ വർഷങ്ങളിലെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടുപോകുക എന്ന സമീപനത്തോടെ അടുത്ത പഞ്ചവത്സര പദ്ധതിക്ക് മുന്നോടിയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികളും വികേന്ദ്രീകൃതാസൂത്രണത്തെ ബലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും.

ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കില മുഖേന പരിശീലനം നൽകുന്നുണ്ട്. സഞ്ചയ, സുലേഖ, സേവന, K-SMART തുടങ്ങിയ നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നത് വഴി ഭരണസേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണം, ധനസ്ഥിതി, പദ്ധതി നിർവഹണം, നിരീക്ഷണം മുതലായവ സംബന്ധിച്ച് ധനകാര്യ കമ്മീഷനുകൾ നൽകുന്ന ശിപാർശകളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടുകൾ സംസ്ഥാന പദ്ധതിയുടെ നിശ്ചിത ശതമാനമായി നിശ്ചയിച്ച് നേരിട്ട് അനുവദിക്കുന്നതിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത വർദ്ധിപ്പിക്കുന്നു. ഈ ഫണ്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തടസ്സമില്ലാതെ നൽകുന്നത് മുൻഗണനാ വിഷയമാണ്.

പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമസഭകളും, വാർഡ്സഭകളും ശക്തിപ്പെടുത്തും. ഗ്രാമസഭ/ വാർഡ്സഭകളിൽ ഓൺലൈൻ ആയി ജനങ്ങളെ പങ്കെടുപ്പിക്കുന്നത്

പരിഗണനയിലുണ്ട്. എല്ലാ വാർഡുകളിലും സേവാഗ്രാം പുനരാരംഭിക്കുന്നതും പരിഗണനയിലുണ്ട്.

**(ബി)** മാലിന്യ സംസ്കരണത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനോടൊപ്പം നിലവിൽ പ്രവൃത്തി ആരംഭിച്ച പദ്ധതികൾ ഊർജ്ജിതമാക്കി മുന്നോട്ട് പോകുന്നതും പരിഗണനയിലുണ്ട്.

അജൈവമാലിന്യ ശേഖരണത്തിനും തരംതിരിവിനും ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, മിനി എം.സി.എഫുകൾ, കണ്ടെയ്നർ എം.സി.എഫുകൾ, എം.സി.എഫ്, ആർ.ആർ.എഫ് സംവിധാനങ്ങളും, ദ്രവമാലിന്യ സംസ്കരണത്തിന് എസ്.ടി.പി, എഫ്.എസ്.ടി.പി പദ്ധതികൾ, കമ്മ്യൂണിറ്റിതല എസ്.ടി.പി, അണ്ടർഗ്രൗണ്ട് എസ്.ടി.പി, മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ, സാനിറ്ററി മാലിന്യ സംസ്കരണ പദ്ധതികൾ, ആർ.ഡി.എഫ് പ്ലാന്റുകൾ, ബയോമൈനിങ്, വേസ്റ്റ് ടു എനർജി പദ്ധതികൾ, കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റുകൾ, BSF (Black Soldier Ply) പ്ലാന്റുകൾ, OWC (Organic Waste Converter) പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതും ആയതു ആവശ്യത്തിനുസരണമായി ഗ്യാപ് അസസ്സ്മെന്റ് നടത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ്.

ഇ-വേസ്റ്റ് ശേഖരണത്തിനായുള്ള പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ശാസ്ത്രീയ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനൊപ്പം, പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണ (IEC) പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സാനിറ്ററി പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രതിദിനം 20 ടൺ സംസ്കരണ ശേഷിയുള്ള 4 റീജ്യയണൽ പ്ലാന്റുകൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ നേതൃത്വത്തിൽ പുതിയതായി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്.

പുതുതായി 9 RDF (Refuse Derived Fuel) പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ കൊച്ചി നഗരസഭയിലെ 2 എണ്ണത്തിന്റെ ട്രയൽ റൺ പൂർത്തിയായിക്കഴിഞ്ഞു. ബാക്കി 7 എണ്ണം വിവിധ ഘട്ടങ്ങളിലാണ്.

അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ (MCF) കുറവ് പരിഹരിക്കാൻ 440 തദ്ദേശ സ്ഥാപനങ്ങളിലായി 485 പുതിയ MCF-കൾ നിർമ്മിക്കാനുള്ള പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.

സംസ്ഥാനത്തെ 59 ബയോമൈനിംഗ് സൈറ്റുകളിൽ പൂർത്തിയാക്കി സ്ഥലം വീണ്ടെടുത്ത 26 സ്ഥലങ്ങൾ കഴിച്ച്, 11 സൈറ്റുകളിൽ ബയോമൈനിംഗ് തുടങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 22 സ്ഥലങ്ങളിൽ ബയോ മൈനിംഗ് പദ്ധതികൾ നടന്നു വരുന്നു.

പുതിയതായി 40 FSTP (Fecal Sludge Treatment Plant) പദ്ധതികൾ ഏറ്റെടുത്തതിൽ 15 എണ്ണം ടെണ്ടറിംഗ് ഘട്ടത്തിലും 9 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. 18 പുതിയ മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ ഏറ്റെടുത്തതിൽ 9 എണ്ണം പൂർത്തീകരിച്ചു.

ബ്രഹ്മപുരത്ത് 150 TPD ശേഷിയുള്ള CBG പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, ചങ്ങനാശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതിയ ബയോ CBG പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് KSIDC-യുടെ നേതൃത്വത്തിൽ 200 TPD ശേഷിയുള്ള വേസ്റ്റ് ടു എനർജി

പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മലപ്പുറത്ത് 200 TPD പ്ലാന്റിനായി ഭൂമി കൈമാറ്റം പൂർത്തിയായിട്ടുണ്ട്. എറണാകുളത്തും ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(സി)** സ്ത്രീ ശാക്തീകരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ വിപുലീകരിക്കുന്നത് പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് നിർബന്ധമായും വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും, കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുമാണ് വനിതാഘടക പദ്ധതി തയ്യാറാക്കുന്നത്.

കേരളത്തിലെ എല്ലാ പ്രധാന പട്ടണങ്ങളിലും പൊതു വിശ്രമമുറി സൗകര്യങ്ങൾ ഒരുക്കുന്നതിനും, എല്ലാ പട്ടണങ്ങളിലും, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ആശുപത്രികൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, പൊതുഇടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനു വേണ്ടി റോഡരികിലെ തെരുവ് വിളക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

കുടുംബശ്രീ ജെൻഡർ വികസന വിഭാഗവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സി.ഡി.എസ് തലത്തിൽ 925 ജെൻഡർ റിസോഴ്സ് സെന്ററുകൾ (ജി.ആർ.സി) പ്രവർത്തിച്ചു വരുന്നു. നിലവിൽ ജി.ആർ.സി.കൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രാദേശിക തലത്തിലെ കുറ്റകൃത്യങ്ങൾ മാപ്പ് ചെയ്യുകയും ആയതിന് അനുസൃതമായി പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുകയും ചെയ്യുന്നതിനായി തിരഞ്ഞെടുത്ത സി.ഡി.എസുകളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ക്രൈം മാപ്പിംഗ് പ്രക്രിയ നടത്തി വരുന്നുണ്ട്.

**(ഡി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം നൽകുന്നതിൽ കഴിഞ്ഞ സാമ്പത്തിക വർഷം കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ട് യഥാസമയം കൊടുക്കുന്നതിനും കുടിശ്ശിക ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കഴിഞ്ഞ സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതമായ വികസന ഫണ്ടിന്റെ മൂന്നാം ഗഡു കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം അനുവദിച്ചിട്ടില്ല. കുടിശ്ശികയായ 2150.3 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം പ്രാദേശികസർക്കാരുകൾക്ക് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**